# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1572** **5.12.2014-ൽ മറുപടിക്ക്**

**നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ സി ബാലകൃഷ്ണൻ<br>ശ്രീ. കെ അച്ചുതൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. റ്റി എൻ പ്രതാപൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>നഗരവികസനവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്തമേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടു കൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് 'അർബൻ 2020' പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ; | സി) ഇതിലേക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്. |
| ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) ഈ പദ്ധതിക്ക് നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ